# ബി ജെ പിയും മതവർഗ്ഗീയ വിദ്വേഷവും

## തോമസ് ഫിലിപ്പ് പാറക്കമെണ്ണിൽ റാന്നി

ജാതിയുടെയും മതത്തിന്റെയും പേരിൽ മനുഷ്യർ പരസ്പരം ദ്വേഷിച്ച് പകയിലും ശത്രുതയിലും ജീവിക്കുന്ന ഒരു രാജ്യമായി തീർന്നിരിക്കുകയാണ് ധർമ്മരാജ്യമായ ഇന്ത്യ ഇന്ന്. ഇന്ന് ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്ന ബി ജെ പി അധികാരത്തിലേറയതു തന്നെ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവജനതയുടെ മതവികാരങ്ങളെ ഉണർത്തിക്കൊണ്ടായിരുന്നു എന്നുള്ളതാണ് സത്യം. അഡ്വാനി ആരംഭിച്ച രാമക്ഷേത്ര രഥയാത്ര ഏറ്റെടുത്തു കൊണ്ടും നിരവധി മോഹന വാഗ്ദാനങ്ങൾ ഇന്ത്യൻ ജനതയുടെ മുമ്പിൽ നിരത്തിക്കാണിച്ചുകൊണ്ടുമായിരുന്നു തന്ത്രശാലിയും കൗശലബുദ്ധിക്കാരനുമായിരുന്ന നരേന്ദ്രമോഡി ഇന്ത്യൻ പ്രധാനമന്ത്രി പദത്തിലെത്തിയത്. നാലര വർഷത്തെ മോദി സർക്കാരിന്റെ സൽഭരണം ഇന്ത്യൻ ജനത യഥായഥം നോക്കിക്കണ്ടു. രുചിച്ചറിഞ്ഞിരിക്കുന്നു.

മാധുര്യമേറിയ തേനൊലൊപ്പിച്ച് ഭാഷയിൽ 'മേരാ പ്യാരേ ദേശവാസിയോ' എന്ന് വിളശിച്ചുകൊണ്ടും വീണ്ടും പല പുതിയ തട്ടിപ്പ് വാഗ്ദാനങ്ങൾ ജനതയുടെ മുമ്പിൽ നിരത്തിക്കൊണ്ടും അടുത്തു വരുന്ന തിരഞ്ഞെടുപ്പിലും ജയിച്ച് പ്രധാനമന്ത്രിയായി തുടർന്നും ഇന്ത്യ ഭരിക്കാമെന്നാണ് ഈ വർഗ്ഗീയവാദിയുടെ മതിവരാത്ത മോഹം! നരേന്ദ്രമോദി സർക്കാരിന്റെ അരിഷ്ടത നിറഞ്ഞ ദുർഭരണം മൂലം അടുത്ത തിരഞ്ഞെടുപ്പിൽ ബി ജെ പി ക്കു 170 സീറ്റിൽ കൂടുതൽ കിട്ടാനും പോകുന്നില്ലെന്ന് ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ അൽപ്പബുദ്ധിയും പൊങ്ങച്ചക്കാരനുമായ മോദിയെക്കാൾ, വർഗ്ഗീയവാദി തന്നെയാണെങ്കിലും അഡ്വാനി എത്രയോ നല്ലൊരു രാഷ്ട്രമീമാംസകനും പരിണിതപ്രജ്ഞനായ രാഷ്ട്ര നേതാവുമാകുന്നു. നരേന്ദ്രമോദിയെപ്പോലെ വങ്കത്തങ്ങൾ അങ്ങനെ വിളിച്ചു പറയുകയുമില്ലദ്ദേഹം.

കിടക്കാടമില്ലാത്തവരായും പാർക്കാൻ ഭവനങ്ങൾ ഇല്ലാതെയും പ്രാഥമികാവശ്യങ്ങൾ പോലും നിർവ്വഹിക്കുവാൻ സൗകര്യങ്ങൾ ഇല്ലാതെയും ഇന്ത്യയിൽ ജനകോടികൾ ദുരിതജീവിതം നയിക്കുമ്പോൾ രോഗത്തിലും ദാരിദ്ര്യത്തിലും നിസ്സഹായരായി കോടിക്കണക്കിന് ആളുകൾ കഷ്ടപ്പെടുമ്പോൾ 3000 കോടിയുടെ പട്ടേൽ പ്രതിമ നിർമ്മിച്ച് പൊങ്ങച്ചം കാണിച്ചും, നിരന്തരം വിദേശയാത്രകൾ നടത്തിയും ഇന്ത്യൻ ധനം ദുർവ്യയം ചെയ്ത് മോദിയെപ്പോലെ സുഖിച്ച് ജീവിച്ച മറ്റൊരു പ്രധാനമന്ത്രിയും ഇന്ത്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇനിയും ഉണ്ടാകുമോന്നും തോന്നുന്നില്ല! അൽപ്പന്മാർ അധികാരത്തിലേറിയാൽ അങ്ങനെയാണല്ലോ? 'പ്യാരാ ദേശവാസിയോ' തട്ടിപ്പ് വിളി 2019 കൊണ്ട് തീർന്നോളും.

വർഗ്ഗീയതയുടെയും മതത്തിന്റെയും പേരിൽ ഡസൻ കണക്കിന് അഹിന്ദുക്കളെ അധികവും മുസ്ലീംങ്ങളെ പശുവിന്റെ പേരിൽ അരുംകൊല ചെയ്യുവാൻ ഇടയാക്കുകയും ഓർക്കാപ്പുറത്തായി കറൻസി നോട്ടുകൾ റദ്ദാക്കിയും ഇന്ത്യയിലെ ജനങ്ങളെ ദ്രോഹിക്കുകയും ചെയ്ത നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദി വലിയൊരു കാവി തലേൽക്കെട്ടും കെട്ടി ഇന്ത്യാക്കാരോടും ലോകത്തോടും യാതൊരു ഉളുപ്പും കൂടാതെ വിളിച്ചു പറയുന്നത് ഇന്ത്യ തിളങ്ങുകയാണ് എന്നുമാണ്. ചില തിളക്കങ്ങൾ കാണുക.

ലോകത്ത് സ്ത്രീകൾ ഒട്ടും സുരക്ഷിതരല്ലാത്ത രാജ്യം ഇന്ത്യയാണെന്ന് സർവ്വേ റിപ്പോർട്ട്. ഈ വർഷം പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും 11400 കോടി രൂപ വെട്ടിച്ചുകൊണ്ട് നീരവ് മോദി കുടുംബമായി രാജ്യം വിട്ടുപോയി. നരേന്ദ്രമോദിയുടെ ഭരണകാലത്ത് ലക്ഷക്കണക്കിന്

കർഷകർ കടക്കെണി മൂലം ആത്മഹത്യ ചെയ്തു. മോദിയുടെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ഒന്ന് കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുമെന്നായിരുന്നല്ലോ. കഴിഞ്ഞ നാലര വർഷ ത്തിനുള്ളിൽ പ്രധാനമന്ത്രി മോദി 84 വിദേശരാജ്യങ്ങൾ സന്ദർശിച്ചു. അതിനായി ചിലവാക്കിയത് 1484 കോടിയെന്ന് വാർത്തയും വായിച്ചും ഇപ്പറഞ്ഞ കഥകളുടെ വെളിച്ചത്തിൽ വായനക്കാർ വില യിരുത്തട്ടെ ഇന്ത്യയാണോ അതോ ഇന്ത്യയുടെ പ്യാരാ പ്രധാനമനത്രി നരേന്ദ്രമോദിയാണോ തിളങ്ങി പരിശോഭിക്കുന്നതെന്ന്.

കോൺഗ്രസിന്റെ അഴിമതികളെ അപലപിച്ചും കൊണ്ടും സാക്ഷാൽ ഹൈന്ദവ ദർശനത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടും അധികാരത്തിലേറിയ ബി ജെ പി മന്ത്രിമാരുടെയും നേതാക്കന്മാരു ടെയും കരങ്ങൾ ശുദ്ധമാണോ? ഇനിയും എന്തുപറഞ്ഞുകൊണ്ടാണ് ബിജെപി വീണ്ടും അധികാ രത്തിലേറാൻ ശ്രമിക്കുന്നത്? രാമക്ഷേത്രപ്പണി തീർന്നില്ല!അതിന്റെ കൂടെ ബിജെപിക്ക് ഇപ്പോൾ മറ്റൊരു ക്ഷേത്രം കൂടി കിട്ടിയിരിക്കുന്നു ശബരിമല! മോദിയുടെ മറ്റൊരു മനോഹര വാഗ്ദാനം 'ബേട്ടി ബച്ചാവോ' ആണ്. ഇത് കാണണമെങ്കിൽ ഡൽഹിയിൽപ്പോകണം!

യഥാർത്ഥ ഹിന്ദുത്വം എന്തെന്നറിയാത്തവരാകുന്നു ഇന്ത്യയിലെ ആർഎസ്എസുകാരും ബിജെപിക്കാരും. ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന പവിത്രമായ ഹൈന്ദവ സൂക്ത ത്തിന്റെ അർത്ഥമെന്ത് പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യം പഠിക്കട്ടെ. പിന്നെ ഹിന്ദുത്വം ഇന്ത്യാ ക്കാരോട് ഘോഷിക്കട്ടെ. 18 പുരാണങ്ങളുടെയും സർവ്വ ഹിന്ദുവേദങ്ങളുടെയും ഉപനിഷത്തുകളു ടെയും ആത്മസത്ത പരോപകാരമേ പുണ്യം, പാപമേ പരപീഢനം എന്നുള്ളതു തന്നെയല്ലേ? ഇതാചരിച്ചു ജീവിക്കുന്നവനാണ് യഥാർത്ഥ ഹിന്ദു! ആർക്കും സംശയം വേണ്ടാ ഇതിൽ. നിന്നെ പ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിച്ചു ജീവിക്കുന്നവനാകുന്നു യഥാർത്ഥ ക്രിസ്ത്യാനി അഥവാ ക്രിസ്തു വിശ്വാസി! സഹോദരസ്നേഹത്തിൽ ജീവിക്കുന്നവനാകുന്നു യഥാർത്ഥ മുസ്ലീ മും. ദാരുണവും ദൗർഭാഗ്യവുമെന്നു പറയട്ടെ വർഗ്ഗീയതയുടെയും മതവിദ്വേഷത്തിന്റെയും പക യുടെയും ശത്രുതയുടെയും വിഷപ്പുക ഇന്ത്യയിൽ അങ്ങോളമിങ്ങോളം ഇന്ന് പടർന്ന് വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. പക്ഷേ, ദൈവം എവിടെ?

അടുത്തു നിൽപ്പോരനുജനെ
നോക്കാനക്ഷികളില്ലാത്തോർ-
ക്കരൂപനീശ്വരനദൃശ്യനാ-
യാലതിലെന്താശ്ചര്യം?

**************